എൻ എഫ് 497

സ്വർണ്ണാഭരണ പണയം അഥവാ / വായ്പ / ഓവർഡ്രാഫ്റ്റ് (ഒഡി) / കൃഷി സ്വർണ്ണ വായ്പ / റീട്ടെയിൽ സ്വർണ്ണ വായ്പ ആവശ്യത്തിനായുള്ള അപേക്ഷ

(സംസ്ഥാന നിയമങ്ങൾ അനുസരിച്ച് ബാധകമായ സ്റ്റാമ്പ് / മുദ്ര പതിപ്പിക്കേണ്ടതാണ്)

വായ്പ / ഒഡി അക്കൗണ്ട് നമ്പർ	
സീക്വൻസ് നമ്പർ	
കസ്റ്റമർ ഐഡി	
സേവിങ്സ് ബാങ്ക് അക്കൗണ്ട് നമ്പർ	
പ്രോഡക്റ്റ് കോഡ് / സ്കീം വിശദാംശങ്ങൾ	

സ്വീകർത്താവ് :

മാനേജർ / സീനിയർ മാനേജർ
കനറാ ബാങ്ക്
____

അപേക്ഷകന്റെ വിശദാംശങ്ങൾ :

വ്യക്തി വിവരം (ശ്രീ / ശ്രീമതി)	പിതാവിന്റെ / മാതാവിന്റെ / ഭർത്താവിന്റെ പേര്	തൊഴിൽ	പൂർണ്ണമായ മേൽവിലാസം

വിഭാഗം എസ് സി ☐ എസ് റ്റി ☐ ബി സി ☐ ഒ ബി സി ☐ മറ്റുള്ളവർ ☐

ന്യൂനപക്ഷ സമുദായം ക്രിസ്ത്യൻ ☐ മുസ്ലിം ☐ സിഖ് ☐ പാഴ്സി ☐ ബുദ്ധമതം ☐ ജൈനൻ ☐ മറ്റുള്ളവർ ☐

കർഷകരുടെ വിഭാഗം	മാർജിനൽ		ചെറിയ		മറ്റുള്ളവർ		കൃഷി തൊഴിലാളി		കുടിയാൻ	

(കൃഷി ആവശ്യത്തിനുള്ള സ്വർണ്ണ വായ്പ്പകൾക്കു മാത്രം ബാധകം. ബാധകമല്ലെങ്കിൽ വെട്ടിക്കളയുക)

ലിംഗം	പുരുഷൻ		സ്ത്രീ		ഉഭയലിംഗം	

കനറാ ബാങ്കിൽ നിലവിലുള്ള സ്വർണ്ണ വായ്പകളുടെ ബാധ്യത			
ശാഖ	അക്കൗണ്ട് നമ്പർ	പരിധി	ബാധ്യത

മറ്റു ബാങ്കുകളിൽ നിലവിലുള്ള സ്വർണ്ണ വായ്പകളുടെ ബാധ്യത				
ബാങ്ക്	ഉദ്ദേശ്യം	വായ്പ	നിലവിലുള്ള ബാധ്യത	കാലഹരണപ്പെട്ട ബാധ്യത

കനറാ ബാങ്കിന്റെ / മറ്റ് ഏതെങ്കിലും ബാങ്കിന്റെ ചെയർമാന്റെ / ഡയറക്ടറുടെ / ജീവനക്കാരന്റെ ബന്ധു ആണെങ്കിൽ വിശദാംശങ്ങൾ നൽകുക.

പേര്	ഉദ്യോഗപ്പേര്	ബന്ധം

1. സ്വർണ്ണാഭരണങ്ങൾ പണയം വെച്ച് **ഷെഡ്യൂൾ 1**-ൽ പറഞ്ഞിരിക്കുന്ന പ്രകാരം എനിക്ക് / ഞങ്ങൾക്ക് ലോൺ / ഒഡി വഴി സാമ്പത്തിക സഹായം നൽകുവാൻ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു. ഈ ലോൺ / ഒഡിയുമായി ബന്ധപ്പെട്ട ബിസിനസ്സ് നിയമങ്ങൾ വായിച്ച് എനിക്ക് / ഞങ്ങൾക്ക് വിശദീകരിച്ചു തന്നിട്ടുണ്ടെന്ന് ഞാൻ / ഞങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.
2. ബാങ്കിന്റെ .... ശാഖയിൽ .... സ്കീമിലുള്ള ഒരു അക്കൗണ്ട് എന്റെ / ഞങ്ങളുടെ പേരിൽ തുറക്കുവാൻ എനിക്ക് / ഞങ്ങൾക്ക് സമ്മതമാണ്.

3. **ഷെഡ്യൂൾ 4**-ൽ (ഇനി മുതൽ "**വായ്പ**" എന്ന് വിളിക്കുന്നു) പറഞ്ഞിരിക്കുന്ന പ്രകാരം എനിക്ക് / ഞങ്ങൾക്ക് അനുവദിച്ച ലോൺ / ഒഡി, അതിൽ പറഞ്ഞിരിക്കുന്നതുപോലെ .... നോ, അതിനുമുമ്പോ തിരിച്ചടയ്ക്കാമെന്ന് ഞാൻ / ഞങ്ങൾ സമ്മതിക്കുന്നു. ഹാൻഡ്ലിംഗ് ചാർജുകൾ ഉൾപ്പെടെയുള്ള സാന്ദർഭികമായ ചിലവുകൾ / മറ്റു ചിലവുകൾ / ചാർജുകൾ എന്നിൽ നിന്ന് / ഞങ്ങളിൽ നിന്ന് സമയാസമയം ഈടാക്കാം. ഒരു അക്കൗണ്ടിൽ നിലനിൽക്കുന്ന ബാലൻസ് തുക അടയ്ക്കാൻ ഞാൻ / ഞങ്ങൾ വ്യക്തിപരമായി ബാധ്യസ്ഥനാണ് / ബാധ്യസ്ഥരാണ്.

4. സാങ്ഷൻ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിരിക്കുന്ന നിരക്കിൽ (ലളിതമായ/സംയോജിത പ്രതിമാസ/ത്രൈമാസ/അർദ്ധവാർഷിക) പ്രതിദിന ഡെബിറ്റ് ബാലൻസ് അല്ലെങ്കിൽ ബാങ്ക് പൊതുവെ സമയാസമയങ്ങളിൽ വ്യക്തമാക്കുന്ന, ഇടപാടുകാരുടെ പൊതുവായ അറിവിലേക്കായി ബാങ്കിന്റെ ബ്രാഞ്ചിലെ നോട്ടീസ് ബോർഡ് / വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന മറ്റ് നിരക്കുകളിൽ കുടിശ്ശികയുള്ള തുകയ്ക്ക് ഞാൻ / ഞങ്ങൾ പലിശ നൽകും. ഇക്കാര്യത്തിൽ പ്രത്യേക അറിയിപ്പ് ലഭിക്കണം എന്ന നിബന്ധന ഞാൻ / ഞങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. പലിശ നിരക്ക് / ബെഞ്ച്മാർക്ക്, കാലാകാലങ്ങളിൽ ആർബിഐ / ബാങ്ക് റിവിഷൻ / അവലോകനത്തിന് വിധേയമാണെന്ന് ഞാൻ / ഞങ്ങൾ അംഗീകരിക്കുന്നു. ആന്തരികമോ ബാഹ്യമോ ആയ ക്രെഡിറ്റ് റേറ്റിങ് ഉൾപ്പെടെയുള്ള ക്രെഡിറ്റ് മൂല്യനിർണ്ണയത്തിൽ, എന്റെ / ഞങ്ങളുടെ ക്രെഡിറ്റിൻ മാറ്റം വന്നാൽ, ബെഞ്ച്മാർക്കിന് മുകളിൽ അടയ്ക്കേണ്ട പ്രീമിയം / സ്പ്രെഡ്, മാറ്റത്തിന് / പുനഃപരിശോധനയ്ക്ക് വിധേയമായിരിക്കും. പ്രസ്തുത ലോൺ സൗകര്യം അനുവദിച്ച സമയത്തുണ്ടായിരുന്ന പലിശ നിരക്കിൽ ഒരു കുറവും വരുത്താൻ ഞാൻ അർഹനല്ലെന്ന് / ഞങ്ങൾക്ക് അർഹതയില്ലെന്ന് ഞാൻ / ഞങ്ങൾ പ്രത്യേകം സമ്മതിക്കുന്നു.

5. വായ്പയുടെ കാലയളവിലുടനീളം പണയം വെച്ചിരിക്കുന്ന സ്വർണ്ണ ഇനങ്ങളുടെ നിർണ്ണയ മൂല്യത്തിന്റെ 100% / 75%[1] (അല്ലെങ്കിൽ ബാങ്ക് കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന മറ്റ് അനുപാതം) മൂല്യ അനുപാതം ഞാൻ / ഞങ്ങൾ നിലനിർത്തും.

6. ലോൺ തുക താഴെ പറയുന്ന രീതിയിൽ തിരിച്ചടയ്ക്കുമെന്ന് ഞാൻ / ഞങ്ങൾ സമ്മതിക്കുന്നു:[1]

   - .... നോ, അതിനു മുമ്പോ പ്രിൻസിപ്പലും പലിശയും ഒറ്റത്തവണയായി തിരിച്ചടയ്ക്കും.
   - .... നോ, അതിനു മുമ്പോ പ്രിൻസിപ്പൽ തുക ഒറ്റത്തവണയായും, പലിശ പ്രതിമാസം അടയ്ക്കേണ്ട സമയത്തും തിരിച്ചടയ്ക്കും.
   - **ഷെഡ്യൂൾ 2**-ൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രതിമാസ തവണകളായി (ഗഡുക്കളായി) പ്രിൻസിപ്പലും, പലിശയും അടയ്ക്കും.

7. മുകളിൽ പ്രസ്താവിച്ച പ്രകാരം ഞാൻ / ഞങ്ങൾ വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തുകയാണെങ്കിൽ, പലിശ പ്രതിമാസം / ത്രൈമാസം / അർദ്ധവർഷത്തിലൊരിക്കൽ[2], അക്കൗണ്ടിൽ കുടിശ്ശികയുള്ള പ്രിൻസിപ്പൽ ബാലൻസിനൊപ്പം കൂട്ടിച്ചേർക്കപ്പെടും.

8. വായ്പാ സൗകര്യം വാർഷിക അവലോകനത്തിന് വിധേയമായിരിക്കും, കൂടാതെ എന്റെ / ഞങ്ങളുടെ വായ്പാ തിരിച്ചടവ് പ്രകടനത്തിന് വിധേയമായിരിക്കും. വായ്പ്പാ പരിധി കൂട്ടിയോ, കുറച്ചോ, അല്ലെങ്കിൽ റദ്ദാക്കിയോ[1] പരിധിയിൽ വ്യത്യാസം വരുത്തുവാനും, പരിധിയിൽ മാറ്റമില്ലാതെ സൗകര്യം തുടരുവാനും ബാങ്കിന് അവകാശമുണ്ട്.[3]

9. താഴെ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ ലംഘിച്ചാൽ, ബാധകമായ നികുതികൾക്കൊപ്പം പിഴ അടയ്ക്കാൻ ഞാൻ / ഞങ്ങൾ ബാധ്യസ്ഥരാണ്:[4]

പിഴയുടെ രീതി	പിഴത്തുക
കാലതാമസമുള്ള കുടിശ്ശിക അടയ്ക്കലിനുള്ള പ്രതിവർഷ പിഴ ചുമത്തൽ (പ്രിൻസിപ്പൽ/പലിശ/സേവന നിരക്കുകൾ)	കുടിശ്ശികയുള്ള തുകയ്ക്ക് പ്രതി വർഷം .... % നിരക്ക്. കുടിശ്ശിക വരുത്തിയിട്ടുള്ള ദിവസങ്ങൾക്ക് പിഴ ഈടാക്കും.
അനുവദനീയമായ പരിധിയിൽ കൂടുതലുള്ള പിൻവലിക്കലുകൾ	കുടിശ്ശികയുള്ള തുകയ്ക്ക് പ്രതി വർഷം 2.00 % നിരക്ക്. (ഒഡി അക്കൗണ്ടുകൾക്കു മാത്രം ബാധകം)
പരിധി കാലഹരണപ്പെടുക.	കുടിശ്ശികയുള്ള തുകയ്ക്ക്, കുടിശ്ശിക വന്ന കാലയളവിലേയ്ക്ക് പ്രതി വർഷം 2.00 % നിരക്ക്.
പിൻവലിക്കാൻ അധികാരമുള്ളതിൽ കൂടുതൽ / പരിധിയിൽ അധികമുള്ള, സെക്യൂരിറ്റിയില്ലാതെയുള്ള പിൻവലിക്കലുകൾ	പിൻവലിക്കാൻ അധികാരമുള്ളതിൽ കൂടുതലായി പിൻവലിച്ച തുകയ്ക്ക്, കുടിശ്ശിക വന്ന കാലയളവിലേയ്ക്ക് പ്രതി വർഷം 7.00 % നിരക്ക്.
പരിധി കാലഹരണപ്പെട്ടു. അതോടൊപ്പം തന്നെ കുടിശ്ശിക പിൻവലിക്കാൻ അധികാരമുള്ളതിലും കൂടുതലാണ്.	കുടിശ്ശികയുള്ള തുകയ്ക്ക് പ്രതി വർഷം 2.00 % നിരക്ക് + പിൻവലിക്കാൻ അധികാരമുള്ളതിൽ കൂടുതലായി പിൻവലിച്ച തുകയ്ക്ക്, കുടിശ്ശിക വന്ന കാലയളവിലേയ്ക്ക് പ്രതി വർഷം 7.00 % നിരക്ക്. (ഒഡി അക്കൗണ്ടുകൾക്കു മാത്രം ബാധകം)

[1] ബാധകമല്ലാത്തത് വെട്ടിക്കളയുക.

[2] ബാധകമല്ലാത്തത് വെട്ടിക്കളയുക.

[3] ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾക്കു മാത്രം ബാധകം.

Internal

[4]രൂ.25,000 വരെയുള്ള കൃഷി സ്വർണ്ണ വായ്പകൾക്ക് ബാധകമല്ല.

10. നിങ്ങൾ എനിക്ക് / ഞങ്ങൾക്ക് അല്ലെങ്കിൽ, എന്റെ / ഞങ്ങളുടെ ജാമ്യത്തിൽ അനുവദിച്ചിട്ടുള്ള വായ്പ / ഒഡി അക്കൗണ്ടുകളുടെ കുടിശ്ശികയുള്ള ബാലൻസ് തിരിച്ചടയ്ക്കുന്നതിനുള്ള സെക്യൂരിറ്റിയായി, ചുവടെയുള്ള **ഷെഡ്യൂൾ 3**-ൽ സൂചിപ്പിച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ ഞാൻ / ഞങ്ങൾ പണയം വച്ചിരിക്കുന്നു. എന്റെ / ഞങ്ങളുടെ പേരിലുള്ള വായ്പ / ഒഡി അക്കൗണ്ടിൽ കുടിശ്ശികയുള്ള തുക എപ്പോൾ വേണമെങ്കിലും തിരിച്ചടയ്ക്കാൻ ഞാൻ / ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. കൂടാതെ വായ്പ / ഒഡി അക്കൗണ്ട് / അല്ലെങ്കിൽ പ്രതിമാസ / ത്രൈമാസ / അർദ്ധവാർഷിക പലിശ, ഈ കരാർ പ്രകാരം തിരിച്ചടയ്ക്കേണ്ട ഏതെങ്കിലും തുക വായ്പാ കാലയളവിൽ തിരിച്ചടയ്ക്കുന്നതിൽ എന്റെ / ഞങ്ങളുടെ ഭാഗത്തുനിന്നും വീഴ്ച്ച ഉണ്ടായാൽ, എന്റെ/ ഞങ്ങളുടെ ഏതെങ്കിലും അക്കൗണ്ടിലുള്ള ബാലൻസുകളിൽ നിന്നും, കൂടാതെ / അല്ലെങ്കിൽ **ഷെഡ്യൂൾ 3**-ൽ വിവരിച്ചിരിക്കുന്ന ഈടു വസ്തുക്കൾ വിൽപ്പന ചെയ്ത് അത്തരം കുടിശ്ശികകൾ ക്രമീകരിക്കാൻ ബാങ്കിന് അധികാരമുണ്ട്. ഈടു വസ്തുക്കളുടെ വിൽപ്പനയ്ക്കു ശേഷവും എന്തെങ്കിലും കുടിശ്ശിക ഉണ്ടെങ്കിൽ, ബാങ്കിന്റെ ആവശ്യാനുസരണം ഞാൻ / ഞങ്ങൾ അത് തിരിച്ചടയ്ക്കും. എന്റെ / ഞങ്ങളുടെ ഏതെങ്കിലും കുടിശ്ശികയും ചിലവും അടച്ചതിനുശേഷമുള്ള തുക എന്റെ / ഞങ്ങളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയോ എന്റെ / ഞങ്ങളുടെ ചിലവിൽ എനിക്ക് / ഞങ്ങൾക്ക് അയയ്ക്കുകയോ ചെയ്യും. ബാങ്കിന്റെ ഏതെങ്കിലും ശാഖയിലോ / ഓഫീസിലോ എന്റെ പേരിലോ, മറ്റുള്ളവരുമായി ചേർന്നോ, ഞാൻ ജാമ്യക്കാരനായോ ഏതെങ്കിലും അക്കൗണ്ടിൽ കുടിശ്ശിക ഉണ്ടെങ്കിൽ, ഞാൻ / ഞങ്ങൾ ഈടുവച്ചിരിക്കുന്ന ആഭരണങ്ങൾ വിൽപ്പന നടത്തി ആയതിന്റെ ബാധ്യത തീർക്കാൻ ബാങ്കിനെ അധികാരപ്പെടുത്തിയിരിക്കുന്നു.

11. ഞാൻ / ഞങ്ങൾ പ്രസ്തുത സ്വർണ്ണാഭരണങ്ങളുടെ യഥാർത്ഥ ഉടമസ്ഥർ ആണെന്നും, **ഷെഡ്യൂൾ 3** - ൽ വിവരിച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ മറ്റെവിടേയും പണയപ്പെടുത്തിയിട്ടില്ല എന്നും സ്ഥിരീകരിക്കുന്നു, എപ്പോൾ വേണമെങ്കിലും വായ്പ / ഒഡി തിരിച്ചെടുക്കാൻ ബാങ്കിന് അവകാശമുണ്ട് എന്ന കാര്യത്തിൽ ഞാൻ / ഞങ്ങൾ ബോധവാനാണ് / ബോധവാന്മാരാണ്.

12. ഇതിനു ശേഷം എപ്പോൾ വേണമെങ്കിലും, എനിക്ക് / ഞങ്ങൾക്ക് ഏതെങ്കിലും വായ്പ അഥവാ / അല്ലെങ്കിൽ സാമ്പത്തിക സൗകര്യങ്ങൾ അനുവദിക്കണമെന്ന് ഞാൻ / ഞങ്ങൾ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ, അത്തരം വായ്പകൾക്കും / അല്ലെങ്കിൽ സൗകര്യങ്ങൾക്കും ഈ അപേക്ഷ തന്നെ മതിയാകും എന്ന കാര്യം ഞങ്ങൾ സമ്മതിക്കുകയും, അംഗീകരിക്കുകയും ചെയ്യുന്നു. തിരിച്ചടയ്ക്കാനുള്ള മുഴുവൻ തുകയ്ക്കും / ഏതെങ്കിലും സമയത്ത് ഭാഗീകമായി കുടിശ്ശികയുള്ള തുകയും, ഈ അപേക്ഷ റദ്ദാകുന്നതുവരെയോ, ബാങ്കിനോട് സമ്മതിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുന്നതു വരെയോ, വ്യക്തിപരമായ കുടിശ്ശിക അല്ലാതെ, തിരിച്ചടവിനായുള്ള ഈടായി, പണയം വച്ചിരിക്കുന്ന ആഭരണങ്ങളും, ഇനി പണയം വയ്ക്കാൻ പോകുന്ന ആഭരണങ്ങളും, ബാങ്കിന് പരിഗണിക്കാം.

13. ഞാൻ / ഞങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ളതും, അടയ്ക്കേണ്ടതുമായ ഏതെങ്കിലും അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ട, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി/കൾക്കായി ഞാൻ / ഞങ്ങൾ ഗ്യാരന്റർ / ജാമ്യക്കാരൻ / ബാധ്യത പങ്കിടുന്ന വ്യക്തി ആയി നിലകൊള്ളുന്ന ഏതെങ്കിലും അക്കൗണ്ടിലേക്ക് അടയ്ക്കുന്നതിനായി / വിനിയോഗത്തിനായി, പണയം വെച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ വിൽക്കാനും, പണയം വെച്ചിരിക്കുന്ന ആഭരണങ്ങൾ പൊതു / സ്വകാര്യ ലേലത്തിൽ, പണ ലഭ്യതയ്ക്കായി നിങ്ങൾക്ക് ഉചിതമെന്നു തോന്നുന്ന രീതിയിൽ, വിറ്റഴിക്കുന്നത് സംബന്ധിച്ച് എനിക്ക് / ഞങ്ങൾക്ക് അറിയിപ്പ് ലഭിക്കാനുള്ള ഞങ്ങളുടെ അവകാശങ്ങൾ ഒഴിവാക്കുകയും, മേൽപറഞ്ഞിരിക്കുന്ന കുടിശ്ശികകൾ വീണ്ടെടുക്കുന്നതിനായി മുൻവിധികളില്ലാതെ, വിൽപ്പന വരുമാനം വിനിയോഗിച്ചതിന് ശേഷമുള്ള കുറവ് ഉൾപ്പെടെ, മേൽപ്പറഞ്ഞ കുടിശ്ശികകൾ വീണ്ടെടുക്കുന്നതിനുള്ള നിങ്ങളുടെ അവകാശങ്ങൾ ഉപയോഗിക്കുന്നതിനും ഞാൻ / ഞങ്ങൾ പ്രത്യേകമായി നിങ്ങളെ അധികാരപ്പെടുത്തുന്നു.

14. ഈ രേഖകൾ, നിയമ വ്യവസ്ഥകൾ പ്രകാരം ബാങ്കർ എന്ന നിലയിൽ നിങ്ങൾക്ക് ലഭ്യമാകുന്ന പൊതു അവകാശത്തെ/ ക്രമീകരിക്കാനുള്ള അവകാശത്തെ ഒരു തരത്തിലും ബാധിക്കില്ലെന്ന് ഞാൻ / ഞങ്ങൾ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

15. ഞാൻ / ഞങ്ങൾ, നിങ്ങൾക്ക് നൽകിയ വിശദാംശങ്ങളും, അടിസ്ഥാന വിവരങ്ങളും സത്യവും, കൃത്യവുമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു. മറ്റ് ഗ്രൂപ്പ് കമ്പനികൾ / ബാങ്കുകൾ / ധനകാര്യ സ്ഥാപനങ്ങൾ / ക്രെഡിറ്റ് ബ്യൂറോകൾ / ഏജൻസികൾ / സ്റ്റാറ്റ്യൂട്ടറി ബോഡികൾ / ടാക്സ് അതോറിറ്റികൾ / സെൻട്രൽ ഇൻഫർമേഷൻ ബ്യൂറോകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപയോക്താക്കൾ എന്നിവയിലേക്കുള്ള എന്റെ / ഞങ്ങളുടെ അപേക്ഷ / തുടർന്നുള്ള അപേക്ഷകളുമായി ബന്ധപ്പെട്ട്, അല്ലെങ്കിൽ അനുബന്ധമായി ബാങ്ക് / അതിന്റെ ഗ്രൂപ്പ് കമ്പനികൾക്ക് ആവശ്യമെന്ന് കരുതുന്ന റഫറൻസുകളും, അന്വേഷണങ്ങളും നടത്തുന്നതിന് അടിസ്ഥാന വിവരങ്ങൾ, അഥവാ രേഖകൾ ആവശ്യമുള്ളവർക്ക് / സെൻട്രൽ ഇൻഫർമേഷൻ ബ്യൂറോകൾ / ബാങ്കിന്റെ ഗ്രൂപ്പ് കമ്പനികൾ പോലെയുള്ള മറ്റ് വ്യക്തികൾ / സേവന ദാതാക്കൾ, പ്രസ്തുത വിവരങ്ങൾ / ഡാറ്റ ഉപയോഗിക്കാനോ, പ്രോസസ്സ് ചെയ്യാനോ അല്ലെങ്കിൽ പ്രോസസ്സ് ചെയ്ത വിവരങ്ങൾ / ഡാറ്റ ആവശ്യമായി വന്നേക്കാവുന്നവർക്ക്, പാപ്പരത്ത, പാപ്പരത്വ കോഡ്, 2016, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി (റെഗുലേഷൻ) ആക്ട്, 2005, അല്ലെങ്കിൽ ആർബിഐയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി പ്രാബല്യത്തിൽ വരുന്ന പ്രസക്തമായ ചട്ടങ്ങൾ / നിയമങ്ങൾ എന്നിവയ്ക്കൊപ്പം ചേർത്തു വായിച്ച മറ്റ് ഏതെങ്കിലും ചട്ടങ്ങൾ പ്രകാരം, ആവശ്യമായ വിവരങ്ങൾ വെളിപ്പെടുത്തുന്നതിനും / പങ്കിടുന്നതിനും ബാങ്കിനും അതിന്റെ ഗ്രൂപ്പ് കമ്പനികൾക്കും പ്രത്യേക സമ്മതം നൽകുകയും ചെയ്യുന്നു. ഈ വിവരങ്ങളുടെ ഉപയോഗത്തിന് ഞാൻ / ഞങ്ങൾ ബാങ്കിനെ / ഗ്രൂപ്പ് കമ്പനികളെ ബാധ്യസ്ഥരാക്കില്ല.

16. വായ്പ / അഡ്വാൻസ്, അല്ലെങ്കിൽ അതിന്റെ പലിശ, അല്ലെങ്കിൽ വായ്പയുടെ നിശ്ചിത തീയതിയിലെ ഗഡുവിന്റെ തിരിച്ചടവിൽ ഞാൻ / ഞങ്ങൾ വീഴ്ച വരുത്തിയാൽ, ബാങ്ക് എനിക്ക് / ഞങ്ങൾക്ക് അനുവദിച്ചിരിക്കുന്ന വായ്പയുടെ / അഡ്വാൻസിന്റെ മുൻകൂർ വ്യവസ്ഥയായി, ബാങ്കിനും കൂടാതെ / അല്ലെങ്കിൽ റിസർവ് ബാങ്കിനും, അവരുടെ സമ്പൂർണ്ണ വിവേചനാധികാരത്തിൽ അനുയോജ്യമെന്ന് തോന്നുന്ന രീതിയിൽ, എന്റെ / ഞങ്ങളുടെ പേര് ഡിഫോൾട്ടറായി വെളിപ്പെടുത്താനോ, പ്രസിദ്ധീകരിക്കാനോ നിരുപാധികമായ അവകാശം ഉണ്ടായിരിക്കും എന്ന കാര്യം ഞാൻ / ഞങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.

17. തുക, അനുവദിച്ചിരിക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കൂ എന്നും, തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ അത് അനുവദിച്ചിട്ടുള്ളതല്ലാതെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും ഞാൻ / ഞങ്ങൾ ഇതിനാൽ ഉറപ്പ് നൽകുന്നു. ബാങ്കിന്റെ കുടിശ്ശിക അടയ്ക്കുന്നതിന് മതിയായ മാർഗ്ഗങ്ങൾ ഉണ്ടെങ്കിലും, ഈ കരാറിൽ അടങ്ങിയിരിക്കുന്ന നിബന്ധനകളിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ, ആർബിഐ / ബാങ്ക് പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എന്നെ / ഞങ്ങളെ മന:പൂർവ്വം വീഴ്ച്ച വരുത്തുന്നയാളായി (വിൽഫുൾ ഡിഫോൾട്ടർ) പ്രഖ്യാപിക്കുമെന്ന് എനിക്ക് / ഞങ്ങൾക്ക് പൂർണ്ണമായ ബോധ്യമുണ്ടെന്ന കാര്യം ഞാൻ / ഞങ്ങൾ അംഗീകരിക്കുന്നു.

18. വായ്പയുടെ ശരിയായ തിരിച്ചടവ് തിയതികൾ, തിരിച്ചടവിന്റെ ആവൃത്തി, മുതലും പലിശയും വേർതിരിക്കുന്ന വിധം, എസ്എംഎ / എൻപിഎ എന്നിവയുടെ പരിഭാഷ, ക്രമരഹിത വായ്പ എന്നിവ ഉദാഹരണ സഹിതം എന്നെ / ഞങ്ങളെ അറിയിക്കുകയും, എനിക്ക് / ഞങ്ങൾക്ക് വിശദീകരിച്ചു തരികയും ചെയ്തിട്ടുണ്ട്.[5]

വായ്പ വാങ്ങുന്ന വ്യക്തിയുടെ / അപേക്ഷകന്റെ ഒപ്പ്

[5] 90 ദിവസത്തെ ഐ ആർ എ സി മാനദണ്ഡങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന വായ്പകൾക്ക് മാത്രമേ ബാധകമാകൂ. ബാധകമെങ്കിൽ, അതുമായി ബന്ധപ്പെട്ട് വിശദീകരിച്ച കാര്യങ്ങൾ, ഉദാഹരണസഹിതം തിരിച്ചടവു തീയതികൾ, എസ്എംഎ / എൻപിഎ ക്ലാസിഫിക്കേഷൻ എന്നിവ സൂചിപ്പിച്ചിട്ടുള്ള കത്ത് ഒപ്പം വയ്ക്കുക. ബാധകമല്ലെങ്കിൽ വെട്ടിക്കളയുക.

ഷെഡ്യൂൾ-1[6]

എ. കൃഷി വായ്പ / ഒഡിയുടെ ഉദ്ദേശ്യവും വിശദാംശങ്ങളും

ഭൂമി തിരിച്ചറിയൽ വിശദാംശങ്ങൾ (വിള കൃഷിക്കും, ഭൂമിയെ അടിസ്ഥാനമാക്കിയുള്ള ആവശ്യങ്ങൾക്കും മാത്രം ബാധകം)						
സർവേ നം.	വിസ്തീർണ്ണം	വില്ലേജ്	ഗ്രാമ പഞ്ചായത്ത്	താലൂക്ക് / മണ്ഡലം / സബ് ജില്ല	ജില്ല	സംസ്ഥാനം

1 – വിള കൃഷി :

വിളകളുടെ സ്വഭാവം/സീസൺ (എ)		ഏക്കറിന് ഫൈനാൻസ് സ്കെയിൽ (സി)	അർഹതാ പരിധി (ബിxസി) (രൂ.)	ആവശ്യപ്പെട്ട തുക (രൂ.)
സീസൺ	വിളയുടെ പേര്			

2 – ഉദ്ദേശ്യം – കൃഷി അല്ലാതെ ഭൂമിയെ അടിസ്ഥാനമാക്കിയുള്ള ആവശ്യങ്ങൾ:

പ്രവർത്തനത്തിന്റെ സ്വഭാവം	മൊത്തം ഭൂവിസ്തൃതി (എ)	യൂണിറ്റ് ചിലവ് (ബി) (രൂ.)	കണക്കാക്കിയ ചിലവ് (എxബി) (രൂ)	മാർജിൻ (രൂ.)	ആവശ്യപ്പെട്ട തുക (രൂ.)

3 - ഉദ്ദേശ്യം- അനുബന്ധ പ്രവർത്തനം :

പ്രവർത്തനം	യൂണീറ്റിന്റെ വിസ്തീർണ്ണം(എ)	യൂണിറ്റ് ചിലവ് (ബി) (രൂ)	കണക്കാക്കിയ ചിലവ് (എxബി) (രൂ)	മാർജിൻ (രൂ.)	ആവശ്യപ്പെട്ട തുക (രൂ.)

ബി. <u>സ്വർണ്ണ വായ്പ സ്കീമിൽ വായ്പ് / ഒഡി എടുക്കുന്നതിന്റെ ഉദ്ദേശ്യം</u>

ഉദ്ദേശ്യം	കണക്കാക്കിയ ചിലവ് (രൂ)	ആവശ്യപ്പെട്ട തുക (രൂ.)

മുകളിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ ശരിയാണെന്നും, ഞാൻ / ഞങ്ങൾ എന്തെങ്കിലും വ്യതിയാനം / ലംഘനം വരുത്തിയാൽ ബാങ്കിൻ അനുയോജ്യമെന്ന് തോന്നുന്ന നടപടിക്ക് ഞാൻ / ഞങ്ങൾ ബാധ്യസ്ഥനാണെന്നും ഞാൻ / ഞങ്ങൾ പ്രഖ്യാപിക്കുന്നു. യോഗ്യതയില്ലാത്ത ഏതെങ്കിലും തുക ലഭിച്ചാൽ ഞാൻ / ഞങ്ങൾ ഉടൻ തിരികെ നൽകുമെന്നും പ്രഖ്യാപിക്കുന്നു.

വായ്പ വാങ്ങുന്ന വ്യക്തിയുടെ / അപേക്ഷകന്റെ ഒപ്പ്

Internal

[6] ബാധകമല്ലാത്തത് വെട്ടിക്കളയുക.

ഷെഡ്യൂൾ-2[7]

തിരിച്ചടവ് ഷെഡ്യൂൾ[8]

(വായ്പ തവണകളായി (ഗഡുക്കളായി) തിരിച്ചടക്കേണ്ടതാണെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുക)[9]

(തുക അക്കത്തിൽ)

ക്രമ സം.	തവണകൾ അടയ്ക്കേണ്ട തീയതി/കൾ	മുതൽ	പലിശ	തുക	അഭിപ്രായങ്ങൾ[10]

* വായ്പകളുടേയും, ഓവർഡ്രാഫ്റ്റുകളുടേയും ബുള്ളറ്റ് തിരിച്ചടവുകൾക്ക് ബാധകമല്ല.

പണയം വയ്ക്കുന്ന സ്വർണ്ണാഭരണങ്ങളുടെ വിശദാംശങ്ങൾ ഞാൻ/ഞങ്ങൾ ഇവിടെ നൽകുന്നു:

ഷെഡ്യൂൾ-3

<u>പണയം വച്ച സ്വർണ്ണാഭരണങ്ങളുടെ വിശദാംശങ്ങൾ</u>

ആഭരണങ്ങളുടെ വിശദാംശങ്ങൾ	മൊത്തഭാരം (ഗ്രാം)	ഭാരം (ഗ്രാം)	ഗ്രാമിന്റെ നിരക്ക് (രൂ.)	വിലയിരുത്തിയ മൂല്യം (രൂ.)

[7] ബാധകമല്ലാത്തത് വെട്ടിക്കളയുക.

[8] അടിസ്ഥാന നിരക്ക് / മൂല്യ അന്തരം, പുന:ക്രമീകരണം തുടങ്ങിയ വിവിധ കാരണങ്ങളാൽ ഷെഡ്യൂൾ മാറ്റത്തിന് വിധേയമാണ്..

Internal

[9] ഗഡുക്കളുടെ ശരിയായ തിരിച്ചടവ് തിയതികൾ, തിരിച്ചടവിന്റെ ആവൃത്തി, മുതലും പലിശയും വേർതിരിക്കുന്ന വിധം എന്നിവ ക്രമമായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക.

[10] മൊറട്ടോറിയം, റീഷെഡ്യൂൾ, പുനഃക്രമീകരണം മുതലായവയുടെ വിശദാംശങ്ങൾ അഭിപ്രായ കോളത്തിന് കീഴിൽ പ്രത്യേകം സൂചിപ്പിക്കേണ്ടതാണ് / രേഖപ്പെടുത്തേണ്ടതാണ്.

1. മേൽപ്പറഞ്ഞ ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധി 22കാരറ്റിലും കുറവല്ലെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. എന്നിരുന്നാലും അത് കനറാ ബാങ്ക് അധികാരപ്പെടുത്തിയിരിക്കുന്ന ഓഡിറ്റർമാരുടെ / മൂല്യനിർണ്ണയക്കാരുടെ സ്ഥിരീകരണത്തിന് വിധേയമാണെന്നും, ബാങ്കിന്റെ തീരുമാനം അന്തിമവും, എല്ലാവർക്കും ബാധകമാണെന്നും ഞാൻ / ഞങ്ങൾ മനസ്സിലാക്കുന്നു.

2. **പണയത്തിന്റെ മൂല്യനിർണ്ണയം / പുനർമൂല്യനിർണ്ണയം എന്നിവ കനറാ ബാങ്ക് ചുമതലപ്പെടുത്തിയ ഒരു മൂല്യനിർണ്ണയക്കാരനാൺ നടത്തുകയെന്ന് ഞാൻ/ഞങ്ങൾ** മനസ്സിലാക്കുകയും, അംഗീകരിക്കുകയും ചെയ്യുന്നു.

3. പണയം വെച്ച ആഭരണങ്ങൾ കാലാകാലങ്ങളിൽ മൂല്യനിർണയത്തിനും/ അല്ലെങ്കിൽ പുനർമൂല്യനിർണയത്തിനും വിധേയമാകുമെന്ന് ഞാൻ / ഞങ്ങൾ മനസ്സിലാക്കുന്നു. പുനർമൂല്യനിർണ്ണയത്തിന് ശേഷം, പണയം വച്ചിരിക്കുന്ന ആഭരണങ്ങളുടെ മൂല്യം വ്യത്യാസപ്പെടാമെന്ന കാര്യം ഞാൻ/ ഞങ്ങൾ മനസ്സിലാക്കുന്നു. കനറാ ബാങ്ക് അധികാരപ്പെടുത്തിയ മൂല്യനിർണ്ണയക്കാരുടെ തീരുമാനം അന്തിമവും, എല്ലാവർക്കും സ്വീകാര്യവും, ബാധകവുമാണെന്നും ഞാൻ / ഞങ്ങൾ മനസ്സിലാക്കുന്നു.

4. മൂല്യനിർണ്ണയക്കാരൻ നൽകിയ മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പണയം വെച്ചിരിക്കുന്ന ആഭരണത്തിന്റെ മൂല്യം അനുസരിച്ച്, വായ്പ തുകയിൽ വ്യത്യാസം വരുത്താൻ ബാങ്കിന് വിവേചനാധികാരമുണ്ടെന്ന് ഞാൻ / ഞങ്ങൾ മനസ്സിലാക്കുന്നു. ലോൺ തുകയിലെ വ്യത്യാസം അനുസരിച്ച്, ബാങ്കിൽ നിന്നുള്ള അറിയിപ്പു പ്രകാരം, അധികമുള്ള തുക ഉടൻ തന്നെ തിരിച്ചടയ്ക്കാമെന്ന് ഞാൻ / ഞങ്ങൾ ഉറപ്പു നൽകുന്നു.

5. ബാങ്കിന്റെ രേഖ പ്രകാരം സൂക്ഷിച്ചിരിക്കുന്ന, പണയം വെച്ചിട്ടുള്ള ആഭരണങ്ങളുടെ മൂല്യം സ്വീകാര്യവും, അന്തിമവും, എല്ലാവർക്കും ബാധകമാണെന്നും ഞാൻ / ഞങ്ങൾ മനസ്സിലാക്കുകയും, അംഗീകരിക്കുകയും, സ്ഥിരീകരിക്കുകയും ചെയ്യുന്നു.

വായ്പ വാങ്ങുന്ന വ്യക്തിയുടെ / അപേക്ഷകന്റെ ഒപ്പ്

ഞാൻ താഴെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സ്ഥിരീകരിക്കുകയും, പ്രമാണപ്പെടുത്തുകയും ചെയ്യുന്നു.

1. **ഷെഡ്യൂൾ 3**-ൽ പറഞ്ഞിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ ഞാൻ പരിശോധിച്ചിട്ടുണ്ട്.

2. അവ 22 കാരറ്റ് സ്വർണ്ണം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നും, അവയുടെ മൊത്ത ഭാരം, സ്വർണ്ണത്തിന്റെ ഭാരം, വിലയിരുത്തിയ മൂല്യം എന്നിവ ഷെഡ്യൂൾ 3-ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ അനുസരിച്ചാണെന്നും, മുകളിൽ പറഞ്ഞിരിക്കുന്ന മൂല്യനിർണ്ണയത്തിനും ഞാൻ ഉറപ്പ് നൽകുന്നു.

സ്ഥലം :
തിയതി :

ജ്യൂവൽ അപ്രൈസറുടെ ഒപ്പ്

നോമിനേഷൻ വിശദാംശങ്ങൾ

ഞാൻ / ഞങ്ങൾ ബാങ്കിൽ പണയപ്പെടുത്തിയിരിക്കുന്നതും, ബാങ്കിന്റെ കസ്റ്റഡിയിലുള്ളതുമായ ആഭരണങ്ങൾ, എന്റെ / ഞങ്ങളുടെ മരണം നടക്കുന്ന പക്ഷം, മുതൽ, പലിശ, മറ്റു ചാർജുകൾ എന്നിവ ഉൾപ്പെടെ ബാങ്കിൽ കുടിശ്ശികയുള്ള, പ്രത്യക്ഷമായോ, പരോക്ഷമായോ ഉള്ള എല്ലാ ബാധ്യതകളും അടച്ചുകഴിഞ്ഞാൽ, തിരികെ നൽകാനായി താഴെപ്പറയുന്ന വ്യക്തി / വ്യക്തികളെ ഞാൻ / ഞങ്ങൾ ഇതിനാൽ എന്റെ / ഞങ്ങളുടെ നോമിനികളായി നാമനിർദ്ദേശം ചെയ്യുന്നു.

പേര്[11]	പ്രായം	ജനനത്തീയതി	ബന്ധം	സ്ഥിര മേൽവിലാസം	പാൻ/ആധാർ (ഓപ്ഷണൽ)

ഞാൻ / ഞങ്ങൾ ബാങ്കിന് നൽകേണ്ട പ്രത്യക്ഷമായോ, പരോക്ഷമായോ ഉള്ള എല്ലാ ബാധ്യതകളും അടച്ചാൽ മാത്രമേ പണയം വെച്ചിരിക്കുന്ന ആഭരണങ്ങൾ സ്വീകരിക്കാൻ നോമിനിക്ക് അർഹതയുണ്ടാകൂ എന്ന് ഞങ്ങൾ സ്ഥിരീകരിക്കുന്നു.

ഞാൻ / ഞങ്ങൾ പണയം വെച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ നോമിനികൾക്ക് നൽകിക്കഴിഞ്ഞാൽ, ബാങ്ക് ഇതുമായി ബന്ധപ്പെട്ട എല്ലാ ബാധ്യതകളിൽ നിന്നും ഒഴിവാക്കപ്പെടുമെന്നും ഞാൻ / ഞങ്ങൾ സ്ഥിരീകരിക്കുന്നു.

☐ എന്റെ / ഞങ്ങളുടെ ലോൺ അക്കൗണ്ടിൽ നോമിനിയെ നാമനിർദ്ദേശം ചെയ്യാൻ ഞാൻ / ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

വായ്പ വാങ്ങുന്ന വ്യക്തിയുടെ / അപേക്ഷകന്റെ ഒപ്പ്

[11] നോമിനി/കൾ പ്രായപൂർത്തിയാകാത്തവരല്ലെന്ന കാര്യം ഉറപ്പാക്കുക.

ഹൈപ്പോത്തിക്കേഷൻ നിബന്ധനകളും വ്യവസ്ഥകളും

(കൃഷി ഒഡി ആണെങ്കിൽ മാത്രം മതിയാകും)

1. സാങ്ഷൻ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ബാങ്ക് വായ്പാ സൗകര്യം അനുവദിച്ചിരിക്കുന്നതിനാൽ, **ഷെഡ്യൂൾ 1(എ)1**-ൽ വിവരിച്ചിട്ടുള്ളതും, ഭാവിയിൽ വിളവെടുക്കുന്ന എല്ലാ വിളകളും, **ഷെഡ്യൂൾ 1(എ)**-ൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്ന, ഭൂമിയിൽ വളർത്തിയെടുത്ത വിളകൾ/ നിൽക്കുന്ന തടികൾ ഉൾപ്പെടെ, _____________ എന്ന സ്ഥലത്തെ യാർഡുകളിൽ / ഗോഡൗണുകളിൽ/ കെട്ടിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന, അല്ലെങ്കിൽ മറ്റേതെങ്കിലും കെട്ടിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന, ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോയ്ക്കൊണ്ടിരിക്കുന്ന അല്ലെങ്കിൽ കൈവശമുള്ള അല്ലെങ്കിൽ എന്റെ / ഞങ്ങളുടെ അല്ലെങ്കിൽ ബാങ്കിന്റെ ഉടമസ്ഥതയിലോ അധികാരത്തിലോ ഉള്ള, അല്ലെങ്കിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്തിരിക്കുന്ന സ്വാഭാവിക, കൊടുക്കൽ-വാങ്ങൽ മൂലമുള്ള, അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ വർദ്ധനവുള്ള, **ഷെഡ്യൂൾ 1(എ)(3)**[12]-ൽ വിവരിച്ചിരിക്കുന്ന ആസ്തികൾ (ഇനിമുതൽ 'ഹൈപ്പോത്തിക്കേറ്റഡ് അസറ്റുകൾ' എന്ന് വിളിക്കപ്പെടും), മറ്റെല്ലാ ആസ്തികളും, ഞാൻ / ഞങ്ങൾ ബാങ്കിന് നൽകേണ്ട തുകയുടെ ഈടായി ഈ കരാർ പ്രകാരം ബാങ്കിന് ഹൈപ്പോത്തിക്കേറ്റ് ചെയ്യപ്പെടും എന്ന കാര്യം ഞാൻ / ഞങ്ങൾ ഇതിനാൽ സമ്മതിക്കുകയും, സ്ഥിരീകരിക്കുകയും ചെയ്യുന്നു.

2. ഇവിടെ **ഷെഡ്യൂൾ 1(എ)**-ൽ പറഞ്ഞിരിക്കുന്ന ഭൂമിയും, അല്ലെങ്കിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്തിട്ടുള്ള ആസ്തികൾ എന്റെ / ഞങ്ങളുടെ ഉടമസ്ഥതയിലുള്ളതും, കൂടാതെ / അല്ലെങ്കിൽ ഞാൻ / ഞങ്ങൾ കൈവശം വച്ചിരിക്കുന്നതാണെന്നും, മേൽപറഞ്ഞ ഭൂമിയിൽ എന്റെ / ഞങ്ങളുടെ ആവശ്യങ്ങൾക്കായി വിളകൾ വളർത്തുന്നു എന്നും ഇതിനാൽ പ്രഖ്യാപിക്കുകയും, സ്ഥിരീകരിക്കുകയും ചെയ്യുന്നു. മേൽപറഞ്ഞ ആസ്തികൾ മറ്റേതെങ്കിലും വിധത്തിൽ പണയം വയ്ക്കുകയോ, ഹൈപ്പോത്തിക്കേറ്റ് ചെയ്യുകയോ, വിൽക്കുകയോ, വിനിയോഗിക്കുകയോ ചെയ്യുകയില്ലെന്നും, അത് നല്ല നിലയിൽ നിലനിർത്തുമെന്നും, ബാങ്കിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ അതിൽ മാറ്റം വരുത്തുക, നശിപ്പിക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യില്ലെന്നും ഞാൻ / ഞങ്ങൾ ഇതിനാൽ വ്യക്തമാക്കുന്നു. ഹൈപ്പോത്തിക്കേറ്റ് ചെയ്തിരിക്കുന്ന വസ്തുക്കളും, വിറ്റുവരവുകളും, ഇൻഷുറൻസ് ആനുകൂല്യങ്ങളും, ചരക്കു വരുമാനങ്ങളും, ബാങ്കിന്റെ ട്രസ്റ്റിയായി ഞാൻ / ഞങ്ങൾ കൈവശം വയ്ക്കുകയും, എനിക്ക് / ഞങ്ങൾക്ക് ലഭിക്കുമ്പോൾ ബാങ്കിന് നൽകുകയും ചെയ്യും. ഈ വായ്പ മുഖേനയോ, മറ്റേതെങ്കിലും രീതിയിലോ ഞാൻ / ഞങ്ങൾ ബാങ്കിന് നൽകേണ്ട എല്ലാ തുകയും പൂർണ്ണമായും അടയ്ക്കുകയോ, ക്രമീകരിക്കുകയോ ചെയ്യുന്നതുവരെ ഈ കരാർ പ്രകാരം ഈടു നൽകുന്ന വസ്തുക്കൾ പ്രാബല്യത്തിൽ തുടരും.

3. ഈ കരാറിന് കീഴിലോ അതിന്റെ അടിസ്ഥാനത്തിലോ ഞാൻ / ഞങ്ങൾ ബാങ്കിന് നൽകേണ്ട ബാക്കി തുകയോ, മറ്റേതെങ്കിലും പണമോ അടയ്ക്കുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിലോ, ഞാൻ / ഞങ്ങൾ പാപ്പരാകുന്ന സാഹചര്യത്തിലോ, ഈടു വച്ചിരിക്കുന്ന വസ്തുക്കൾ ഏതെങ്കിലും കാരണത്താൽ അപകടാവസ്ഥയിലാണെന്നു ബാങ്ക് വിചാരിച്ചാൽ, കുടിശ്ശികയുള്ള തുക ലഭിക്കുന്നതിനായി, ആ വസ്തുക്കൾ വിൽക്കുന്നതിനോ, അല്ലെങ്കിൽ വിനിയോഗിക്കുന്നതിനോ ബാങ്കിനെ പ്രാപ്തമാക്കുന്ന തരത്തിൽ, ഒരു ചോദ്യവും ഉന്നയിക്കാതെ, ഹൈപ്പോത്തിക്കേറ്റഡ് ആസ്തികൾ ബാങ്ക് ആവശ്യപ്പെടുമ്പോൾ ബാങ്കിന് കൈമാറാൻ ഞാൻ/ഞങ്ങൾ തയ്യാറാണ്.

4. ഏജന്റ് അല്ലെങ്കിൽ അറ്റോർണി എന്ന നിലയിൽ ബാങ്കിനും, ബാങ്കിന്റെ ഓഫീസർമാർക്കും, അല്ലെങ്കിൽ നോമിനികൾക്കും, ഏജന്റുമാർക്കും, ആവശ്യമെങ്കിൽ എനിക്ക് / ഞങ്ങൾക്ക് വേണ്ടിയും, ഈടു വച്ചിരിക്കുന്ന വസ്തുവിൽ പ്രവേശിക്കുക, പരിശോധിക്കുക, ഒപ്പം അതിന്റെ മൂല്യനിർണ്ണയം നടത്തുക എന്നതു പോലെയുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് മതിയായ എല്ലാ സൗകര്യങ്ങളും, എപ്പോൾ വേണമെങ്കിലും എന്റെ / ഞങ്ങളുടെ റിസ്കിലും, ചിലവിലും ചെയ്തു കൊടുക്കുന്നതാണ്. അവകാശങ്ങൾ പ്രയോഗിക്കണം എന്ന നിർബന്ധം ഇല്ലാതെയും, അതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കാതെയും, മുൻവിധികൾ കൂടാതെ, എനിക്ക് / ഞങ്ങൾക്ക് എതിരെ വ്യക്തിപരമായും, അങ്ങനെയുള്ള വിൽപ്പനാനന്തര, മറ്റ് ഇടപാടുകൾ മുഖേനെയുള്ള തുക ഉപയോഗിച്ച്, ഞാൻ / ഞങ്ങൾ ബാങ്കിന് അടയ്ക്കാനുള്ള, എല്ലാ തുകകളുടെയും ലിക്വിഡേഷൻ തുക കിഴിച്ചതിനുശേഷം ഉള്ള മുഴുവൻ കുടിശ്ശികയും അടയ്ക്കുന്നതിനുവേണ്ടി ചിലവായ തുക, ഈടാക്കുന്നതിന് ബാങ്കിന് മേൽപറഞ്ഞിരിക്കുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും. അത്തരത്തിലുള്ള ഏതെങ്കിലും വിൽപനയുമായോ, പണലഭ്യതയ്ക്കു വേണ്ടിയുള്ള കാര്യങ്ങളുമായോ ബന്ധപ്പെട്ട അക്കൗണ്ട് സ്വീകരിക്കാൻ ഞാൻ / ഞങ്ങൾ ഇതിനാൽ സമ്മതിക്കുന്നു. വിൽപനയെക്കുറിച്ചോ, ലഭിച്ച തുകയെക്കുറിച്ചോ എന്തെങ്കിലും ചോദ്യമോ, തർക്കമോ ഉന്നയിക്കാൻ എനിക്ക് / ഞങ്ങൾക്ക് അർഹതയില്ല. ഇവിടെ സൂചിപ്പിച്ചിട്ടുള്ള ഹൈപ്പോത്തിക്കേറ്റ് ചെയ്തിട്ടുള്ള ആസ്തികളുടെ വിൽപ്പനയിലൂടെ ലഭിച്ച മൊത്തം വരുമാനം, ഞാൻ / ഞങ്ങൾ നൽകേണ്ട തുക നികത്താൻ പര്യാപ്തമല്ലെങ്കിൽ, ബാങ്കിന്റെ കൈവശമുള്ള, എന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കളോ, മറ്റേതെങ്കിലും പണമോ ഉപയോഗിക്കാൻ ബാങ്കിന് സ്വാതന്ത്ര്യമുണ്ട്. അത്തരം പണമോ, വസ്തുക്കളോ, തുടർന്നും നിലവിലുള്ള കുടിശ്ശിക പൂർണ്ണമായി നികത്താൻ പര്യാപ്തമല്ലെങ്കിൽ, ഞാൻ / ഞങ്ങൾ ബാങ്കിന് നൽകേണ്ട തുക അടയ്ക്കുന്നതിന് ബാങ്കിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് കാണാതെ തന്നെ അടയ്ക്കുമെന്നും വാഗ്ദാനം ചെയ്യുന്നു.

5. ഹൈപ്പോത്തിക്കേഷൻ നൽകിയിരിക്കുന്ന വസ്തുക്കൾ വിൽപ്പന നടത്തി ബാങ്കിന് നൽകേണ്ട ബാക്കി തുക മുഴുവനായും അടച്ചതിന് ശേഷം, വായ്പാ ക്രമീകരണം (സെറ്റ് ഓഫ്) അല്ലെങ്കിൽ മ്യൂച്വൽ ക്രെഡിറ്റിന്റെ നിയമം അനുസരിച്ച്, പ്രസ്തുത രേഖകൾ നൽകുന്ന നിരക്കുകളിൽ പ്രസ്തുത ക്ലെയിമുകളുടെ പലിശ സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ ബാധ്യതകളും ക്രമീകരിച്ചതിന് ശേഷം, മിച്ചം എന്തെങ്കിലും ഉണ്ടെങ്കിൽ, ആ തുക ബാങ്കിന് കൈവശം വയ്ക്കാനും, എന്നിൽ നിന്നോ / ഞങ്ങളിൽ നിന്നോ, അല്ലെങ്കിൽ എന്റെ / ഞങ്ങളുടെ മറ്റേതെങ്കിലും കടബാധ്യതകൾ, അല്ലെങ്കിൽ എനിക്ക് / ഞങ്ങൾക്ക് മാത്രമായി, അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയുമായോ /

വ്യക്തികളുമായോ ചേർന്ന്, കാലാവധി എത്തിയതോ, അല്ലാത്തതോ ആയ മറ്റേതെങ്കിലും കുടിശ്ശിക തിരിച്ചടയ്ക്കാൻ, അല്ലെങ്കിൽ കുടിശ്ശിക അവസാനിപ്പിക്കാൻ ഇത് ഉപയോഗിക്കാം.

12 ബാധകമല്ലാത്തത് വെട്ടിക്കളയുക.

6. ഇവിടെ പരാമർശിച്ചിരിക്കുന്ന പ്രസ്തുത ഈടുവസ്തുക്കൾ, പുതുക്കുകയോ, ഏതെങ്കിലും തരത്തിൽ മാറ്റം വരുത്തുകയോ, അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ പരിഷ്കരിക്കുകയോ ചെയ്താലും, നിലവിലുള്ളതോ, ഭാവിയിൽ വരാൻ പോകുന്നതോ ആയ ഏതെങ്കിലും ഈട് വസ്തുക്കൾ, ഗ്യാരന്റികൾ, ബാധ്യതകൾ അല്ലെങ്കിൽ, ബാങ്കിൽനിന്നും ലഭിച്ച, എന്റെ / ഞങ്ങളുടെ കടബാധ്യതയുമായി ബന്ധപ്പെട്ട, സാമ്പത്തിക ഉത്തരവാദിത്തവുമായി ബന്ധപ്പെട്ട ഉത്തരവുകൾ മൂലം അവയുടെ മുകളിലുള്ള ബാങ്കിന്റെ അവകാശങ്ങളേയോ, അധികാരങ്ങളേയോ (ബാങ്കിന് ഉണ്ടെന്ന് വ്യക്തമായി അംഗീകരിക്കുന്ന) ഒരുതരത്തിലും ബാധിക്കുന്നതല്ല.

7. ബാങ്കിന്റെ സമ്പൂർണ്ണ വിവേചനാധികാരം ഉപയോഗിച്ച്, എന്റെ ലോൺ അക്കൗണ്ട് കൂടാതെ / അല്ലെങ്കിൽ എസ്ബി അക്കൗണ്ട് അല്ലെങ്കിൽ ഏതെങ്കിലും അക്കൗണ്ടിൽ നിന്ന് ചാർജുകൾ, ചിലവ് മുതലായവ ഡെബിറ്റ് ചെയ്യാൻ ഞാൻ / ഞങ്ങൾ ബാങ്കിന് അധികാരം നൽകുന്നു. സമയാസമയങ്ങളിൽ മേൽപറഞ്ഞ തുകകൾ ബാങ്കിൻ ലഭ്യമാക്കുന്നതിനായി ഞാൻ / ഞങ്ങൾ, എസ്ബി അല്ലെങ്കിൽ മറ്റ് അക്കൗണ്ടിൽ ആവശ്യമായ ബാലൻസ് തുകയുടെ ലഭ്യത ഉറപ്പുവരുത്തും.

8. ഞാൻ / ഞങ്ങൾ, വായ്പാ കാലാവധിയിൽ, ഈട് തുടരുന്ന പക്ഷം, ഹൈപ്പോത്തിക്കേറ്റ് ചെയ്തിരിക്കുന്ന വസ്തുക്കൾ, അവയുടെ വിപണി മൂല്യം അനുസരിച്ച്, ബാങ്കിന്റെ തീരുമാനം അനുസരിച്ച് അഗ്നി, മറ്റ് അപകടസാധ്യതകൾക്കെതിരെ, എന്റെ / ഞങ്ങളുടെ ചിലവിൽ ഇൻഷ്വർ ചെയ്തുകൊണ്ടിരിക്കും. ഞാൻ / ഞങ്ങൾ ഇൻഷ്വറൻസ് എടുക്കാത്ത സാഹചര്യങ്ങളിൽ, ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനായി എന്റെ / ഞങ്ങളുടെ അക്കൗണ്ടിൽ നിന്നും തുക ഡെബിറ്റ് ചെയ്യാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. ബാങ്ക് ആവശ്യപ്പെടുന്ന പക്ഷം ഈ തുക തിരിച്ചടയ്ക്കാൻ ഞാൻ / ഞങ്ങൾ ബാധ്യസ്ഥരാണെന്നും, തിരിച്ചടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയാൽ, ബാങ്ക് സമയാസമയങ്ങളിൽ ചുമത്തുന്ന പലിശ സഹിതം തുക തിരിച്ചടയ്ക്കാമെന്നും ഉറപ്പു നൽകുന്നു. തുക പൂർണ്ണമായി തിരിച്ചടയ്ക്കാത്ത സാഹചര്യങ്ങളിൽ, ഹൈപ്പോത്തിക്കേറ്റ് ചെയ്തിരിക്കുന്ന വസ്തുക്കൾ കൈവശം വയ്ക്കാൻ ബാങ്കിന് അധികാരമുണ്ട്.

9. എന്റെ / ഞങ്ങളുടെ റിസ്കിലും, ഉത്തരവാദിത്വത്തിലും, ബാങ്ക് നിർണ്ണയിച്ചിരിക്കുന്ന മൂല്യമനുസരിച്ച് ഈടു വസ്തുക്കൾക്ക് ഇൻഷ്വറൻസ് എടുക്കാൻ ബാങ്കിന് സ്വാതന്ത്ര്യമുണ്ട്. ഇൻഷ്വർ ചെയ്തിരിക്കുന്ന ഈടു വസ്തുക്കളുടെ മുകളിൽ ബാങ്ക് അല്ലെങ്കിൽ ഞാൻ / ഞങ്ങൾ ഉയർത്തുന്ന ക്ലെയിം പൂർണ്ണമായോ, ഭാഗികമായോ സ്വീകരിക്കാതിരിക്കുകയോ, നിരസിക്കുകയോ ചെയ്യുന്നതിൻ ബാങ്ക് ഉത്തരവാദി ആയിരിക്കുന്നതല്ല.

10. എന്തെങ്കിലും കാരണങ്ങളാൽ, ഈടു വച്ചിരിക്കുന്ന വസ്തുക്കൾ നഷ്ടപ്പെടുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുന്ന പക്ഷം, നഷ്ടം / കേടുപാടുകൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാതെ തന്നെ ഞാൻ / ഞങ്ങൾ, ക്ലെയിമുകൾ ഫയൽ ചെയ്യൽ, ബാങ്ക് / ഇൻഷ്വറൻസ് കമ്പനിക്ക് ആവശ്യമായ വിവരങ്ങൾ നൽകൽ, തുടങ്ങിയ എല്ലാ നടപടികളും സ്വീകരിക്കും.

11. ഈടു വച്ചിരിക്കുന്ന വസ്തുക്കൾ നഷ്ടപ്പെടുകയോ / കേടുപാടുകൾ സംഭവിക്കുകയോ ചെയ്തതു കാരണം, പൂർണ്ണമായോ, ഭാഗികമായോ ക്ലെയിം ഉണ്ടാകുന്ന പക്ഷം, എന്റെ / ഞങ്ങളുടെ ചിലവിലും, ഉത്തരവാദിത്വത്തിലും, ഇൻഷ്വറൻസ് കമ്പനിയെ സമീപിക്കുകയും, ക്ലെയിം തുക ലഭിക്കാതിരിക്കുമ്പോൾ മാത്രം എന്നെ / ഞങ്ങളെ സമീപിക്കുന്നതിനു പകരം, ആദ്യ ഘട്ടത്തിൽതന്നെ എന്നെ / ഞങ്ങളെ സമീപിച്ചാൽ മുഴുവൻ കുടിശ്ശികയും ബാങ്കിൻ നൽകാൻ ഞാൻ ബാധ്യസ്ഥനാണ് / ഞങ്ങൾ ബാധ്യസ്ഥരാണ്. ക്ലെയിം തീർപ്പാക്കാത്ത സാഹചര്യത്തിൽ, ബാങ്കിന് അതിന്റെ സമ്പൂർണ്ണ വിവേചനാധികാരം ഉപയോഗിച്ച് ഇൻഷ്വറൻസ് കമ്പനിയ്ക്കെതിരെ ഒരു ബാധ്യതയും കൂടാതെ നിയമനടപടി സ്വീകരിക്കുകയോ, അല്ലെങ്കിൽ ഇൻഷ്വറൻസ് കമ്പനിയ്ക്കെതിരെ നടപടി സ്വീകരിക്കാൻ എന്നോട് / ഞങ്ങളോട് ആവശ്യപ്പെടുകയോ ചെയ്യാം. ബാങ്കിന്റെ തീരുമാനത്തെ ചോദ്യം ചെയ്യാൻ ഞങ്ങൾക്ക് അർഹതയില്ല.

12. അത്തരം പോളിസി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ബാങ്ക് പോളിസിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്ലെയിം ഫയൽ ചെയ്യുന്നില്ലെങ്കിൽ, ഇൻഷ്വർ ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി ഇൻഷുറൻസ് കമ്പനിയ്ക്കെതിരെ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയ്ക്കെതിരായി ക്ലെയിം അല്ലെങ്കിൽ സ്യൂട്ട് ഫയൽ ചെയ്യാത്തതിന് ബാങ്ക് എന്നോട് / ഞങ്ങളോട് ബാധ്യസ്ഥനായിരിക്കില്ല.

13. വായ്പാ റിക്കവറി നിയമങ്ങൾക്ക് വിധേയമായി ബാങ്ക് നേരിട്ടോ അല്ലെങ്കിൽ അതിന്റെ അംഗീകൃത ഏജന്റുമാർ മുഖേനയോ തിരിച്ചെടുക്കുന്ന വായ്പകൾക്ക് ഞാൻ / ഞങ്ങൾ ഇതിനാൽ എന്റെ / ഞങ്ങളുടെ സമ്മതം നൽകുന്നു. ഈടു വച്ചിരിക്കുന്ന വസ്തുക്കളുമായി ബന്ധപ്പെട്ട എന്റെ / ഞങ്ങളുടെ ഏതെങ്കിലും അവകാശങ്ങൾ, കടങ്ങൾ, ക്ലെയിമുകൾ എന്നിവ ഏതെങ്കിലും വിധത്തിൽ തീർപ്പാക്കാനും, രാജിയാക്കാനും, മറ്റേതെങ്കിലും വിധത്തിൽ കൈകാര്യം ചെയ്യാനും ഇതിനാൽ ബാങ്കിനെ വ്യക്തമായി അധികാരപ്പെടുത്തുന്നു.

വായ്പ എടുക്കുന്ന വ്യക്തി/കളുടെ / അപേക്ഷകന്റെ/കരുടെ ഒപ്പ്

<u>സാങ്ഷൻ മെമ്മോറാണ്ടം</u>

<u>ഷെഡ്യൂൾ - 4</u>

അനുവദിച്ച വായ്പകളുടെ വിശദാംശങ്ങൾ

(തുക അക്കത്തിൽ)

അനുവദിച്ച വായ്പ	ഉദ്ദേശ്യം	നിലവിലുള്ള പരിധി (ഒഡി-ക്കു മാത്രം ബാധകം)	കുടിശ്ശിക (ഒഡി-ക്കു മാത്രം ബാധകം)	പുതിയ പരിധി / പുതിയ വായ്പ	പലിശ നിരക്ക് (അടിസ്ഥാന നിരക്ക് + മൂല്യ അന്തരം)
		രൂ.	രൂ.	രൂ.	%

- **അടിസ്ഥാന നിരക്ക് എംസിഎൽആർ/ആർഎൽഎൽആർ[13] ....% ആണ്.**
- **(എംസിഎൽആർ ആണെങ്കിൽ പുനഃക്രമീകരണ നിരക്ക് പ്രതിവർഷം .... ആയിരിക്കും.)**
- **മൂല്യ അന്തരം ....% ആണ്.**
- തിട്ടപ്പെടുത്തിയ യഥാർത്ഥ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് വായ്പ / ഒഡി[14] അനുവദിച്ചിരിക്കുന്നത്.
- അപേക്ഷകൻ ധനസഹായം ആവശ്യപ്പെട്ടതിന്റെ ഉദ്ദേശ്യം ഞങ്ങൾ പരിശോധിച്ചു, അത് പ്രായോഗികവും തൃപ്തികരവുമാണെന്ന് കണ്ടെത്തി.
- പൂർവ്വാനുമതി പരിശോധന .... ന് നടത്തി. (കാർഷിക സ്വർണ്ണ വായ്പകൾക്ക് മാത്രം ബാധകം)
- സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് ആവശ്യാധിഷ്ഠിത വായ്പയാണ് അനുവദിച്ചതെന്ന് ഞങ്ങൾ സ്ഥിരീകരിക്കുന്നു.
- നിലവിലെ വായ്പ / ഒഡി ഉൾപ്പെടെ, അപേക്ഷകൻ അനുവദിച്ചിട്ടുള്ള മൊത്തം സ്വർണ്ണ വായ്പ / ഒഡി എക്സ്പോഷർ, ഓരോ അപേക്ഷകനും അനുശാസിച്ചിട്ടുള്ള സ്വർണ്ണ വായ്പ / ഒഡി പരിധിയിലും കൂടുതലല്ല.

വായ്പ അനുവദിക്കുന്ന അധികാരി

<u>വായ്പാ വിതരണ അപേക്ഷ</u>

എന്റെ .... സേവിങ്സ് / കറണ്ട് / ഒഡി അക്കൗണ്ടിലേക്ക്, അല്ലെങ്കിൽ ....ന്റെ പേരിൽ .... (ബാങ്ക് / ബ്രാഞ്ച്) ലുള്ള, ... (ഐ എഫ് എസ് സി), ... അക്കൗണ്ടിലേക്ക് ഡിഡി / എൻഇഎഫ്റ്റി / ആർറ്റിജിഎസ്[15] ആയി മേൽപ്പറഞ്ഞ വായ്പയുടെ തുക ഭാഗികമായോ, മുഴുവനായോ വിതരണം ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

തീയതി : **വായ്പ എടുക്കുന്ന വ്യക്തി/കളുടെ / അപേക്ഷകന്റെ/കരുടെ ഒപ്പ്**

<u>വായ്പാ ധന വിനിയോഗ സർട്ടിഫിക്കറ്റ്</u>

വായ്പ / ഒഡി തുക അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുമെന്ന് ഞാൻ ഉറപ്പു നൽകുന്നു.

തീയതി : **വായ്പ എടുക്കുന്ന വ്യക്തി/കളുടെ / അപേക്ഷകന്റെ/കരുടെ ഒപ്പ്**

Internal

13 ബാധകമല്ലാത്തത് വെട്ടിക്കളയുക.

14 ബാധകമല്ലാത്തത് വെട്ടിക്കളയുക.

15 ബാധകമല്ലാത്തത് വെട്ടിക്കളയുക.

ശാഖയിലെ സ്വർണ്ണാഭരണങ്ങളുടെ കസ്റ്റോഡിയൻമാരുടെ സർട്ടിഫിക്കറ്റ്

താഴെപ്പറയുന്നവ ഞാൻ / ഞങ്ങൾ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു:

1. ഈ വായ്പാ ആവശ്യത്തിനായി സ്വീകരിച്ച സ്വർണ്ണാഭരണങ്ങൾ മാനേജറുടെ/ഓഫീസറുടെ സാന്നിധ്യത്തിൽ വായ്പ എടുക്കുന്നയാൾ / വായ്പ എടുക്കുന്നവർ ബ്രാഞ്ചിനുള്ളിൽവച്ചുതന്നെ അപ്രൈസർക്ക് കൈമാറുകയും, അവരുടെ സാന്നിധ്യത്തിൽതന്നെ ആയതിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതുമാണ്. ഇത് സിസിടിവി ക്യാമറയിൽ പതിഞ്ഞിട്ടുണ്ട്.
2. ഗോൾഡ് ലോൺ പാസ് കാർഡിലും, ഈ ആപ്ലിക്കേഷനിലും പറഞ്ഞിരിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ വിശദാംശങ്ങൾ ഒന്നുതന്നെയാണെന്നും, സ്വർണ്ണ വായ്പാ പാക്കറ്റിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങളുമായി പൊരുത്തപ്പെടുന്നതായും ഞാൻ / ഞങ്ങൾ സ്ഥിരീകരിക്കുന്നു.
3. മൂല്യനിർണ്ണയത്തിനു ശേഷം സ്വർണ്ണാഭരണങ്ങൾ ഞാൻ / ഞങ്ങൾ [കീ ഹോൾഡർമാർ] ഞങ്ങളുടെ നിയന്ത്രണത്തിലാക്കിയെന്നും, സുരക്ഷിതമായ ഡ്യുവൽ കസ്റ്റഡി ഉറപ്പുവരുത്തിയെന്നും ഞങ്ങൾ സ്ഥിരീകരിക്കുന്നു.
4. ഈട് വയ്ക്കുന്ന ആഭരണങ്ങളുടെ / തിരിച്ചെടുക്കുന്ന ആഭരണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ (എൻഎഫ് 175) വായ്പാ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ബാങ്ക് നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും ഞാൻ / ഞങ്ങൾ സ്ഥിരീകരിക്കുന്നു.

ജോയിന്റ് കസ്റ്റോഡിയൻ-**I**　　　　　ജോയിന്റ് കസ്റ്റോഡിയൻ - **II**

തീയതി:

പുനർമൂല്യനിർണയത്തിന്റെ വിശദാംശങ്ങൾ
(ത്രൈമാസ പുനർമൂല്യനിർണ്ണയം, മുക്കു പണ്ടം (വ്യാജ സ്വർണം) കണ്ടെത്തൽ,
ജ്വൂവൽ അപ്രൈസറുടെ സേവനം അവസാനിപ്പിക്കൽ,
വായ്പാ വിതരണത്തിന് മുമ്പുള്ള പുനർമൂല്യനിർണയം, മറ്റുള്ളവ)

വായ്പ എടുക്കുന്ന വ്യക്തിയുടെ / വ്യക്തികളുടെ പേര്	
ലോൺ / ഒഡി അക്കൗണ്ട് നമ്പർ	

പുനർമൂല്യനിർണ്ണയം : ____________________

1. മുകളിൽ സൂചിപ്പിച്ച **ഷെഡ്യൂൾ 3**-ലെ സ്വർണ്ണാഭരണങ്ങൾ ഞാൻ .... ന് പുനർമൂല്യനിർണ്ണയം നടത്തി.
2. അവ 22 കാരറ്റ് സ്വർണ്ണം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നും, മൂല്യനിർണ്ണയത്തിനും ഞാൻ ഉറപ്പ് നൽകുന്നു.
3. താഴെപറയുന്നവ ഒഴികെയുള്ളവയുടെ (**പൊരുത്തക്കേടുണ്ടെങ്കിൽ മാത്രം**) മൊത്ത ഭാരം, സ്വർണ്ണത്തിന്റെ ഭാരം, വിലയിരുത്തിയ മൂല്യം എന്നിവ **ഷെഡ്യൂൾ 3**-ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ അനുസരിച്ചാണ്.

ആഭരണങ്ങളുടെ വിശദാംശങ്ങൾ	മൊത്ത ഭാരം-സാങ്ഷൻ (ഗ്രാം)	മൊത്ത ഭാരം-പുനർമൂല്യനിർണ്ണയം (ഗ്രാം)	മൊത്തഭാരത്തിലുള്ള വ്യത്യാസം (ഗ്രാം)	സ്വർണ്ണത്തിന്റെ ഭാരം-സാങ്ഷൻ (ഗ്രാം)	സ്വർണ്ണത്തിന്റെ ഭാരം-പുനർമൂല്യനിർണ്ണയം (ഗ്രാം)	സ്വർണ്ണത്തിന്റെ ഭാര വ്യത്യാസം (ഗ്രാം)

(ബാധകമല്ലെങ്കിൽ വെട്ടിക്കളയുക)

(പുനർമൂല്യനിർണ്ണയം നടത്തിയ) ജ്വൂവൽ അപ്രൈസറുടെ പേരും, ഒപ്പും

പുനർമൂല്യനിർണ്ണയം : ____________________

1. മുകളിൽ സൂചിപ്പിച്ച **ഷെഡ്യൂൾ 3**-ലെ സ്വർണ്ണാഭരണങ്ങൾ ഞാൻ .... ന് പുനർമൂല്യനിർണ്ണയം നടത്തി.
2. അവ 22 കാരറ്റ് സ്വർണ്ണം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നും, മൂല്യനിർണ്ണയത്തിനും ഞാൻ ഉറപ്പ് നൽകുന്നു.
3. താഴെപറയുന്നവ ഒഴികെയുള്ളവയുടെ (**പൊരുത്തക്കേടുണ്ടെങ്കിൽ മാത്രം**) മൊത്ത ഭാരം, സ്വർണ്ണത്തിന്റെ ഭാരം, വിലയിരുത്തിയ മൂല്യം എന്നിവ **ഷെഡ്യൂൾ 3**-ൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ അനുസരിച്ചാണ്.

ആഭരണങ്ങളുടെ വിശദാംശങ്ങൾ	മൊത്ത ഭാരം-സാങ്ഷൻ (ഗ്രാം)	മൊത്ത ഭാരം-പുനർമൂല്യനിർണ്ണയം (ഗ്രാം)	മൊത്തഭാരത്തിലുള്ള വ്യത്യാസം (ഗ്രാം)	സ്വർണ്ണത്തിന്റെ ഭാരം-സാങ്ഷൻ (ഗ്രാം)	സ്വർണ്ണത്തിന്റെ ഭാരം-പുനർമൂല്യനിർണ്ണയം (ഗ്രാം)	സ്വർണ്ണത്തിന്റെ ഭാര വ്യത്യാസം (ഗ്രാം)

(ബാധകമല്ലെങ്കിൽ വെട്ടിക്കളയുക)

(പുനർമൂല്യനിർണ്ണയം നടത്തിയ) ജ്വൂവൽ അപ്രൈസറുടെ പേരും, ഒപ്പും

Internal